## സൂറഃ-8

# അൽ അൻഫാൽ

### ആമുഖം

മുസ്ഹഫുകളിൽ എട്ടാമത്തെ സൂറയായിട്ടാണ് *അൽ അൻഫാൽ* ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ അവതരണക്രമം നോക്കിയാൽ മക്കീ സൂറകളെല്ലാം അവതരിച്ചുകഴിഞ്ഞ ശേഷം, ഹിജ്റ 2-ാം വർഷം ബദ്ർ യുദ്ധത്തിനു തൊട്ടുടനെ മദീനയിലാണ് ഈ സൂറഃ അവതരിച്ചത്. ദീർഘ സൂറകളിൽ ഒമ്പതാമത്തേതായി ഇതെണ്ണപ്പെടുന്നു. ആയത്തുകളുടെ എണ്ണം പരിഗണിക്കുമ്പോൾ ഇടത്തരം സൂറകളിൽ -مثاني- പെട്ടതാണിത്. 75 സൂക്തങ്ങളേ ഈ സൂറയിലുള്ളൂ. ഈ സൂക്തങ്ങളെല്ലാം ഒരേസമയം ഒന്നിച്ചവതരിച്ചതായാണ് പൊതുവിൽ കരുതപ്പെടുന്നത്. ചില സൂക്തങ്ങൾ പിന്നീട് അവതരിച്ചതാവാൻ സാധ്യതയുള്ളതായി ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതിലെ 30-ാം സൂക്തവും 64-ാം സൂക്തവും മക്കയിൽ അവതരിച്ചതാണെന്ന് മറ്റൊരഭിപ്രായവുമുണ്ട്. 30-ാം സൂക്തം പ്രവാചകന്റെ മക്കയിൽനിന്നുള്ള പലായനസന്ദർഭത്തെയും 64-ാം സൂക്തം ഉമറി(റ)ന്റെ മാനസാന്തരത്തെയും സൂചിപ്പിക്കുന്നു എന്ന നിരീക്ഷണമാണ് അതിനടിസ്ഥാനം. സൂറഃ *അൽ അഅ്റാഫിൽ* പ്രമുഖരായ പ്രവാചകന്മാർക്ക് അവരുടെ സമൂഹങ്ങളിൽനിന്നുണ്ടായ അനുഭവങ്ങൾ വിവരിക്കുമ്പോൾ സൂറഃ *അൽ അൻഫാലിൽ* അന്ത്യപ്രവാചകന് അദ്ദേഹത്തിന്റെ സമൂഹത്തിൽനിന്നുണ്ടായ അനുഭവങ്ങൾ വിവരിക്കുന്നു എന്നതാണ് ഈ രണ്ട് സൂറകൾ തമ്മിലുള്ള ബന്ധമെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ഈ ബന്ധത്തിന്റെ പേരിൽ തന്നെയാവണമെന്നില്ല അവയെ അടുത്തടുത്തായി ക്രോഡീകരിച്ചത്. കാരണം, ഇതുപോലുള്ള ബന്ധങ്ങൾ മറ്റു സൂറകളോടും കണ്ടേക്കാം. ഖുർആൻ സൂറകളുടെ ക്രമീകരണം അല്ലാഹുവിന്റെ നിർദേശപ്രകാരമാണെന്നാണ് പ്രബലമായ പക്ഷം.

പ്രവാചകന്റെ നേതൃത്വത്തിലുണ്ടായിരുന്ന മുസ്ലിം സമൂഹം അതിസങ്കീർണമായ ഒരു ചരിത്രസന്ധിയെ അഭിമുഖീകരിച്ച ഘട്ടത്തിലാണ് സൂറഃ *അൽ അൻഫാൽ* അവതരിക്കുന്നത്. സൂറയുടെ യഥാർഥ ഉള്ളടക്കം മനസ്സിലാക്കാൻ ഈ സാഹചര്യത്തെക്കുറിച്ച് സാമാന്യ ധാരണ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. മക്കയിൽ ഖുറൈശികളുടെ മർദനത്തിൽ പൊറുതിമുട്ടിയപ്പോഴാണ് മുസ്ലിംകൾ മദീനയിലേക്ക് പലായനം ചെയ്തു തുടങ്ങിയത്. ഒടുവിൽ ഖുറൈശികൾ പ്രവാചകനെ കൊന്നുകളയാൻ പദ്ധതിയിട്ടു. ഈ സന്ദർഭത്തിൽ പ്രവാചകനും മദീനയിലേക്ക് പോന്നു. മക്കയിൽനിന്നെത്തിയ മുഹാജിറുകളെയും പ്രവാചകനെയും മദീനയിലെ വിശ്വാസികൾ ഹാർദമായി സ്വാഗതം ചെയ്തു. മുഹാജിറുകളെ അവർ സ്വന്തം സഹോദരന്മാരായി ഗണിക്കുകയും തങ്ങൾക്കുള്ളതെല്ലാം അവരുമായി പങ്കുവെക്കുകയും ചെയ്തു. പ്രവാചകനെ തങ്ങളുടെ ഗുരുവും നേതാവും ഭരണാധികാരിയും എല്ലാം ആയി സ്വീകരിച്ചു. പ്രവാചകന്റെ നേതൃത്വത്തിൽ മുഹാജിറുകളെയും അൻസ്വാറുകളെയും മദീനയിലെ അവിശ്വാസികളെയും യഹൂദരെയും എല്ലാം ഉൾക്കൊള്ളുന്ന ഒരു സമൂഹം-രാഷ്ട്രം- സ്ഥാപിതമായി. ആദ്യത്തെ ഇസ്ലാമിക സ്റ്റേറ്റ് ആയിരുന്നു അത്.

ഈ സ്റ്റേറ്റിന് ആഭ്യന്തരവും വൈദേശികവുമായ നിരവധി പ്രശ്നങ്ങളുണ്ടായിരുന്നു. ഒന്നാമതായി മദീനത്തുന്നബവി-പ്രവാചകനഗരം- ഒരു സൈനികശക്തിയോ സാമ്പത്തിക ശക്തിയോ ആയിരുന്നില്ല. ഉടുതുണി മാത്രം കൈമുതലായി വന്നവരായിരുന്നു മുഹാജിറുകളിലധികവും. മദീനയിലെ അൻസ്വാറുകളാവട്ടെ ഭൂരിപക്ഷവും കർഷകരായിരുന്നു. കവിഞ്ഞ സമ്പാദ്യമൊന്നും അവർക്കുണ്ടായിരുന്നില്ല. മദീനയിലെ സാമ്പത്തികശക്തി യഹൂദരായിരുന്നു. അവർ ഇസ്ലാമിക സ്റ്റേറ്റിനെ അംഗീകരിക്കുകയും അതിൽ പൗരത്വം സ്വീകരിക്കുകയും ചെയ്തെങ്കിലും ഉള്ളുകൊണ്ട് മുസ്ലിംകളെയും പ്രവാചകനെയും ഇഷ്ടപ്പെടുന്നുണ്ടായിരുന്നില്ല. നേരത്തേ തങ്ങൾ വേദക്കാരാണെന്ന അഹങ്കാരത്തിൽ മദീനക്കാരെ പ്രാകൃതരായി കണക്കാക്കുകയും യഥേഷ്ടം ചൂഷണം ചെയ്യുകയുമായിരുന്നു അവർ. തങ്ങളിൽ ഒരു പ്രവാചകൻ വരാനുണ്ടെന്നും, അദ്ദേഹം വന്നുകഴിഞ്ഞാൽ പ്രാകൃതരായ അറബികളെ ജയിച്ചടക്കി നശിപ്പിക്കുകയോ അടിമകളാക്കുകയോ ചെയ്യുമെന്നും അവർ മദീനക്കാരെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയായിരുന്നു. മക്കയിൽ മുഹമ്മദ് നബി രംഗത്തുവന്നപ്പോൾ, മദീനക്കാർ പെട്ടെന്ന് അദ്ദേഹത്തെ സ്വീകരിച്ചതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഈ ഭീഷണിയായിരുന്നു. പുതിയ പ്രവാചകനെ യഹൂദർ വിശ്വസിക്കുന്നതിനു മുമ്പ് തങ്ങൾ വിശ്വസിക്കണമെന്ന് തീരുമാനിക്കുകയായിരുന്നു അവർ. യഹൂദരാവട്ടെ, ബൈബിൾ പ്രവചിക്കുന്ന പ്രവാചകൻ ഇസ്രാഈൽ വംശത്തിലാണ് പിറക്കുകയെന്ന് പ്രതീക്ഷിച്ചിരുന്നു. ഇസ്രാഈലി അല്ലാത്തതിനാൽ മുഹമ്മദ് നബിയെ പ്രവാചകനായി അംഗീകരിക്കാൻ അവർ കൂട്ടാക്കിയില്ല. മുഹമ്മദ് നബിയെ മദീനക്കാർ സ്വീകരിച്ചുകൊണ്ടുവരികയും അവിടെ സ്വതന്ത്രമായ സ്റ്റേറ്റ് സ്ഥാപിക്കാൻ സൗകര്യം നൽകുകയും ചെയ്തതിലൂടെ യഹൂദർ നിഷേധിക്കുന്ന പ്രവാചകൻ അവരുടെ കൂടി രാഷ്ട്രീയാധിപതിയാവുകയായിരുന്നു. പക്ഷേ മുസ്ലിംകളോട് ഒരു തുറന്ന ഏറ്റുമുട്ടലിന് അവർ ധൈര്യപ്പെട്ടില്ല. അതുകൊണ്ട് പ്രത്യക്ഷത്തിൽ പ്രവാചകന്റെ നേതൃത്വം അംഗീകരിക്കുമ്പോൾതന്നെ, പരോക്ഷമായി അദ്ദേഹത്തെ തുരത്താൻ വഴി തേടുകയായിരുന്നു അവർ.

മദീനക്കാരിൽ തന്നെ എല്ലാവരും ഒരുപോലെ ഇസ്ലാം ഇഷ്ടപ്പെടുന്നവരായിരുന്നില്ല. ഭൂരിപക്ഷമാളുകൾ ഇസ്ലാം സ്വീകരിച്ചപ്പോൾ, അവരോടൊട്ടിനിൽക്കാൻ മുസ്ലിംകളായി നടിച്ച കുറേപ്പേരുമുണ്ടായിരുന്നു. പ്രവാചകന്റെ ആഗമനം മൂലം സമൂഹത്തിലുണ്ടായിരുന്ന സ്വാധീനത്തിനും നേതൃത്വത്തിനും ഇടിവുതട്ടിയ ചിലരും അവരുടെ സിൽബന്ധികളും അത്തരക്കാരായിരുന്നു. പ്രവാചകന്റെ ആഗമനത്തിനു മുമ്പ് മദീനയിലെ എണ്ണപ്പെട്ട നേതാവായിരുന്നു അബ്ദുല്ലാഹിബ്നു ഉബയ്യ്. ഒരു ഘട്ട

ത്തിൽ മദീനക്കാർ അദ്ദേഹത്തെ രാജാവായി കിരീടമണിയിക്കാൻ വരെ ആലോചിച്ചിരുന്നു. പ്രവാചകന്റെ ആഗമനം മൂലം അതെല്ലാം തകിടം മറിഞ്ഞു. മുസ്‌ലിംകളായി ചമഞ്ഞു നടക്കുമ്പോഴും ഇസ്‌ലാം തങ്ങൾക്കുണ്ടാക്കിയ ഇഛാഭംഗം അവരുടെ മനസ്സിലുണ്ടായിരുന്നു.

മുഹാജിറുകളും അൻസ്വാറുകളുമായ യഥാർഥ മുസ്‌ലിംകളിൽ തന്നെ, വലിയൊരു വിഭാഗം പ്രതിസന്ധികൾ നേരിടുമ്പോൾ ഉറച്ചുനിൽക്കാനുള്ള ആദർശദാർഢ്യവും അച്ചടക്കവും നേടിയവരായിരുന്നില്ല. ഏതു സമൂഹത്തിലും ഇടക്കിടെ ചില പ്രശ്നങ്ങളുണ്ടാകുമല്ലോ. സമൂഹത്തിന്റെ പൊതു സംസ്കാരവും കീഴ്‌വഴക്കവുമനുസരിച്ച് അവക്ക് പരിഹാരം കാണുകയും ചെയ്യും. എന്നാൽ മദീനയിലുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ പലപ്പോഴും അവരെ പഴയ ജാഹിലീ സമ്പ്രദായത്തിലുള്ള സംഘർഷത്തിലേക്ക് വലിച്ചിഴച്ചിരുന്നു.

ഇത്തരം ആഭ്യന്തര പ്രശ്നങ്ങളേക്കാൾ ഗുരുതരമായിരുന്നു വൈദേശിക പ്രശ്നങ്ങൾ. ഖുറൈശികളിൽനിന്നുള്ള ഭീഷണിതന്നെയായിരുന്നു അതിൽ ഒന്നാമത്തേത്. മുഹമ്മദ് നബി രക്ഷപ്പെടുകയും മദീനയിൽ ചെന്ന് സ്വതന്ത്ര രാഷ്ട്രം സ്ഥാപിക്കുകയും ചെയ്തത് സ്വാഭാവികമായും ഖുറൈശികളിൽ രോഷവും ആശങ്കയും സൃഷ്ടിച്ചു. മുഹമ്മദ് നബി പോയ ശേഷവും മക്കയിൽനിന്ന് മുഹാജിറുകൾ മദീനയിലേക്ക് പോയിക്കൊണ്ടിരുന്നു. അത് ഒരു വശത്ത് തങ്ങളുടെ ശക്തി ക്ഷയിപ്പിക്കുകയും മറുവശത്ത് മദീനയുടെ ശക്തി വർധിപ്പിക്കുകയുമാണെന്ന് അവർക്കറിയാമായിരുന്നു. പോയിക്കഴിഞ്ഞവരും പോയിക്കൊണ്ടിരിക്കുന്നവരും സന്തോഷത്തോടെ മക്കയെ വെടിഞ്ഞവരല്ല. മക്കയിലെ മർദനം സഹിക്കാനാവാതെയാണ് അവർ പോകുന്നത്. അവരുടെ കുടുംബവും സമ്പത്തുമെല്ലാം മക്കയിൽ തന്നെയുണ്ട്. പലർക്കും ഭാര്യയെയും മക്കളെയും പോലും കൂടെക്കൊണ്ടുപോകാനായിട്ടില്ല. കൂടാതെ മുസ്‌ലിംകൾ അവരുടെ മതത്തിന്റെ കേന്ദ്രമായി സ്വീകരിച്ചിട്ടുള്ളത് മക്കയിലെ മസ്ജിദുൽ ഹറാമിനെയാണ്. ഇന്നല്ലെങ്കിൽ നാളെ അവർ ശക്തി സംഭരിച്ച് തിരിച്ചുവരികയും തങ്ങളെ തോൽപിച്ച് മക്ക കൈവശപ്പെടുത്തുകയും ചെയ്യുമെന്ന് മക്കാവാസികൾ ഭയപ്പെടുന്നുണ്ടായിരുന്നു. കൂടാതെ മദീന പോലെ മർമപ്രധാനമായ ഒരു സ്ഥാനത്ത് ഖുറൈശികൾക്കെതിരായ ഒരു ശക്തി ഉയർന്നുവരുന്നത് അവരുടെ വ്യാപാരതാൽപര്യത്തിനും വൻഭീഷണിയായിരുന്നു. യമനിൽനിന്ന് ശാമിലേക്ക് ചെങ്കടൽ തീരത്തുകൂടിയുള്ള കച്ചവടമാർഗം മുസ്‌ലിംകളുടെ അധീനത്തിലാവുന്നു എന്നതാണത്. ഖുറൈശികളുടെയും ഇതര അറബ് ഗോത്രങ്ങളുടെയും സാമ്പത്തിക സുസ്ഥിതി ഈ വ്യാപാരമാർഗത്തിന്റെ സുരക്ഷിതത്വത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് മദീനയിൽ കേന്ദ്രീകരിച്ച മുഹമ്മദിനെയും സംഘത്തെയും നശിപ്പിക്കേണ്ടത് അവരുടെ അതിപ്രധാനമായ ആവശ്യമായിരുന്നു. അതിനുള്ള സാമ്പത്തികവും സൈനികവുമായ സജ്ജീകരണങ്ങൾ ഖുറൈശികൾ ഒരുക്കിക്കൊണ്ടിരിക്കുകയും ചെയ്തു. പ്രവാചകൻ മദീനയിലേക്ക് രക്ഷപ്പെട്ട ഉടനെ ഖുറൈശികൾ മദീനയിലെ നേതാവായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യിന് എഴുതിയ കത്തിൽ അവരുടെ മനോഗതം തെളിഞ്ഞുകാണാം. അവരെഴുതി: " നിങ്ങൾ ഞങ്ങളുടെ നാട്ടുകാരന് നിങ്ങളുടെ നാട്ടിൽ അഭയം കൊടുത്തിരിക്കുകയാണ്. നിങ്ങൾ അയാളെ എതിർക്കുകയും അവിടെനിന്ന് തുരത്തുകയും വേണമെന്ന് ഞങ്ങളിതാ ദൈവത്തിന്റെ പേരിൽ സത്യം ചെയ്ത് ആവശ്യപ്പെടുന്നു. നിങ്ങളീ ആവശ്യം അംഗീകരിക്കാത്തപക്ഷം ഞങ്ങൾ ഒറ്റക്കെട്ടായി നിങ്ങളെ ആക്രമിക്കും. നിങ്ങളുടെ പുരുഷന്മാരെ വധിക്കുകയും സ്ത്രീകളെ അടിമകളാക്കുകയും ചെയ്യും." ഈ കത്ത് ലഭിച്ചപ്പോൾ അബ്ദുല്ലാഹിബ്നു ഉബയ്യ് പ്രവാചകനെതിരെ കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമിച്ചുനോക്കിയെങ്കിലും പരാജയപ്പെടുകയായിരുന്നു.

മദീനയുടെ പരിസരത്തിലൂടെയുള്ള സിറിയ-യമൻ കച്ചവടപാതയുടെ പ്രാധാന്യത്തെക്കുറിച്ച് തികച്ചും ബോധവാനായിരുന്നു പ്രവാചകൻ(സ). ഈ വ്യാപാരപാതക്ക് ഭീഷണിയുയർത്തുന്നത് ഖുറൈശികളെയും ആ മാർഗത്തിന്റെ സുരക്ഷിതത്വത്തിൽ താൽപര്യമുള്ള മറ്റു അറേബ്യൻ ഗോത്രങ്ങളെയും മദീനയോടുള്ള ആക്രമണോത്സുക സമീപനം ഉപേക്ഷിക്കാനും സമാധാന സന്ധിക്ക് തയാറാകാനും പ്രേരിപ്പിക്കുമെന്ന് അദ്ദേഹം കണ്ടു. അതുകൊണ്ട് മദീനയിലെത്തി അധികം താമസിയാതെത്തന്നെ നബി(സ) ഈ വ്യാപാരമാർഗത്തിന്റെ നിയന്ത്രണം നേടാൻ ശ്രമമാരംഭിച്ചിരുന്നു. കച്ചവടമാർഗത്തിലുള്ള ഗോത്രങ്ങളുമായി സന്ധികളുണ്ടാക്കുകയാണ് ആദ്യമായി ചെയ്തത്. അങ്ങനെ മദീനക്കടുത്ത തീരപ്രദേശത്തെ മലയോര ഗോത്രമായ ജുഹൈന, യംബൂ-ദുൽഉറൈശ പ്രദേശത്തെ സമുറ എന്നീ ഗോത്രങ്ങളുമായി ഹിജ്റ ഒന്നാം വർഷം തന്നെ സമാധാന കരാറുകളുണ്ടാക്കി. ഹിജ്റ രണ്ടാം വർഷം ബനൂ മുദ്‌ലജ് ഗോത്രവും ഈ കരാറിൽ കക്ഷിചേർന്നു. പ്രതിരോധ സഖ്യം എന്നതിലുപരി ആദർശപ്രബോധന സൗകര്യവും ഈ കരാറിന്റെ പ്രധാന ലക്ഷ്യമായിരുന്നു. ഈ സമാധാന സഖ്യത്തെത്തുടർന്ന് പ്രസ്തുത ഗോത്രങ്ങളിൽ ഇസ്‌ലാമിന് ധാരാളം അനുഭാവികളും അനുയായി ഘടകങ്ങളുമുണ്ടായി.

ഖുറൈശികളുടെ സാർഥവാഹകസംഘങ്ങളെ ഭീഷണിപ്പെടുത്താൻ പ്രവാചകൻ(സ) ചെറിയ സന്നദ്ധ സംഘങ്ങളെ അയച്ചുകൊണ്ടിരുന്നു. ആദ്യവർഷംതന്നെ ഇങ്ങനെ നാലു സംഘങ്ങൾ നിയോഗിക്കപ്പെട്ടിരുന്നു. സരിയ്യത്തു ഹംസ, സരിയ്യത്തു ഉബൈദത്തുബ്നു ഹാരിസ്, സരിയ്യത്തു സഅദുബ്നു അബീവഖാസ്, ഗസ്‌വത്തു അബ്‌വാഹ് എന്നീ പേരുകളിലാണ് ചരിത്രത്തിൽ അവ അറിയപ്പെടുന്നത്. ഹിജ്റ രണ്ടാം വർഷം ആദ്യ മാസങ്ങളിൽ ഇത്തരം രണ്ടു സംഭവങ്ങൾ കൂടിയുണ്ടായി. ഗസ്‌വത്തു ബുവാത്ത്, ഗസ്‌വത്തു ദുൽ ഉശൈറ എന്നീ പേരുകളിലാണ് അതറിയപ്പെടുന്നത്. പ്രവാചകൻ നേരിട്ട് നേതൃത്വം നൽകിയ സംഭവങ്ങൾ ഗസ്‌വഃ (غزوة) എന്നും സ്വഹാബിമാർ നേതൃത്വം നൽകിയ സംഭവങ്ങൾ സരിയ്യ (سرية) എന്നും വിളിക്കപ്പെടുന്നു.

ഈ സംഭവങ്ങളിലൊന്നും രക്തച്ചൊരിച്ചിലുണ്ടായിട്ടില്ല. കച്ചവടച്ചരക്കുകൾ കൊള്ളയടിക്കപ്പെട്ടിട്ടുമില്ല. കച്ചവടമാർഗത്തിലുള്ള തങ്ങളുടെ സ്വാധീനം ഖുറൈശികളെ ബോധ്യപ്പെടുത്തുക മാത്രമായിരുന്നു മുസ്‌ലിംകൾ. ഖുറൈശികൾ അത് മനസ്സിലാക്കി മദീനയുമായി ഒരൊത്തുതീർപ്പിനു തയാറാവണമെന്നായിരുന്നു അവരുടെ താൽപര്യം. ഈ സംഭവങ്ങളിലൊന്നും മദീനാവാസികളെ പങ്കെടുപ്പിച്ചിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. ഏറ്റുമുട്ടൽ ഉണ്ടാവുകയാണെങ്കിൽതന്നെ മദീനക്കാർ അതിൽ ഉൾപ്പെടുകയും സംഘർഷം പടരുകയും ചെയ്യാതിരിക്കാനായിരുന്നു ഇത്. ഈ സംഭവങ്ങളൊന്നും പക്ഷേ പ്രതീക്ഷിച്ച പോലെ ഖുറൈശികളെ ഒരൊത്തുതീർപ്പിനു പ്രേരിപ്പിക്കുകയുണ്ടായില്ല. ഭീഷണിയെ ശക്തികൊണ്ട് നേരിടാനാണവർ തീരുമാനിച്ചത്. അവർ മദീനക്കെതിരെ കൊള്ളസംഘങ്ങളെ അയച്ചുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ കുർസുബ്നു ജാബിരിൽ ഫിഹ്‌രിയുടെ നേതൃത്വത്തിൽ ഒരു കൊള്ളസംഘം മദീനക്കടുത്ത് വന്ന് മദീനക്കാരുടെ കാലികളെ പിടിച്ചുകൊണ്ടുപോയി. പ്രവർത്തനം ഭീഷണിയിൽ നിർത്താതെ കൊള്ള നടത്തിയത് ബോധപൂർവമായിരുന്നു. സംഘട്ടനം മുഹാജിറുകളിൽ പരിമിതമാക്കാതെ മറ്റു അറബ് ഗോത്രങ്ങളെക്കൂടി അതിലുൾപ്പെടുത്തുകയായിരുന്നു അവരുടെ ലക്ഷ്യം.

ഖുറൈശികളുടെ ഈ നടപടി മുസ്‌ലിംകളുടെ സ്ഥിതി കൂടുതൽ സങ്കീർണമാക്കി. മദീനക്കെതിരെ നടത്തിയ കൊള്ളക്ക് ഉചിതമായ മറുപടി നൽകിയില്ലെങ്കിൽ ദൂരവ്യാപകവും ഗുരുതരവുമായ അനന്തരഫലങ്ങൾക്കിടയാക്കും. ഖുറൈശികളുടെ

അക്രമാസക്തി കൂടുതൽ ശക്തിപ്പെടുകയും മദീനക്കെതിരെയുള്ള ആക്രമണങ്ങൾ വർധിക്കുകയും ചെയ്യും എന്നതു മാത്രമല്ല അത്. ഖുറൈശികളുടെ ആക്രമണത്തിനു മുമ്പിൽ മുസ്‌ലിംകൾ ദുർബലരും നിസ്സഹായരുമാണ് എന്ന ധാരണ മറ്റു അറബികൾക്കിടയിൽ സൃഷ്ടിക്കപ്പെടുകയും ചെയ്യും. അവർ കൂടി മദീനക്കു നേരെ കൈയേറ്റം നടത്താൻ ധൃഷ്ടരാവുകയായിരിക്കും അതിന്റെ ഫലം. ആക്രമണങ്ങൾക്ക് കനത്ത തിരിച്ചടി ലഭിക്കുമെന്ന് ശത്രുക്കളെ പ്രായോഗികമായി ബോധ്യപ്പെടുത്തേണ്ട സന്ദർഭമായിരുന്നു അത്.

അതിനാൽ ആയിടക്ക് -ഹിജ്റ രണ്ടാം വർഷം-മദീനയുടെ പരിസരത്തിലൂടെ സഞ്ചരിക്കുകയായിരുന്ന ഖുറൈശി വർത്തക സംഘത്തിനെതിരെ ബലപ്രയോഗം നടത്താൻ പ്രവാചകൻ(സ) തീരുമാനിച്ചു. അബൂസുഫ്‌യാന്റെ നേതൃത്വത്തിലുള്ള സംഘത്തിന്റെ വശം 50,000 അശ്‌റഫി വിലയ്ക്കുള്ള ചരക്കു ശേഖരമുണ്ടായിരുന്നു. മുസ്‌ലിംകളുടെ പദ്ധതി മണത്തറിഞ്ഞ അബൂസുഫ്‌യാൻ സഹായമർഥിച്ചുകൊണ്ട് ഉടനെ മക്കയിലേക്ക് ദൂതയച്ചു. അതോടൊപ്പം, തന്ത്രപരമായി ഗതിമാറി സഞ്ചരിച്ചുകൊണ്ട് ചരക്കുശേഖരത്തെയും സംഘത്തെയും മുസ്‌ലിംകൾക്ക് പിടികൊടുക്കാതെ രക്ഷിക്കുകയും ചെയ്തു. അബൂസുഫ്‌യാന്റെ സന്ദേശം ലഭിക്കേണ്ട താമസം, ഉടനെ മദീനയിലേക്കുള്ള പടയൊരുക്കത്തിലേർപ്പെടുകയായിരുന്നു ഖുറൈശികൾ. ഖുറൈശി വർത്തകസംഘത്തെ ഭീഷണിപ്പെടുത്താൻ മുസ്‌ലിംകൾക്ക് ഇനിയൊരവസരം ഉണ്ടായിക്കൂടാ. ഉടനെ ചെന്ന് അവരുടെ കഥകഴിക്കണം. ഇതായിരുന്നു അവരുടെ നിലപാട്. ആപത്തൊഴിവായി കച്ചവടസംഘം സുരക്ഷിതമായി മക്കയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നും സഹായസംഘം പുറപ്പെടേണ്ടതില്ലെന്നും അബൂസുഫ്‌യാൻ വീണ്ടും സന്ദേശമയച്ചെങ്കിലും അബൂജഹ്‌ലിനെപ്പോലുള്ള ഖുറൈശീ നേതാക്കൾ വകവെച്ചില്ല. മുഹമ്മദിനും സംഘത്തിനും ഖുറൈശികളുടെ ഊക്കും ഊറ്റവും നല്ലവണ്ണം കാണിച്ചുകൊടുത്തേഇനി അടങ്ങൂ എന്ന വാശിയിലായിരുന്നു അവർ. അങ്ങനെയാണ് അബൂജഹ്‌ലിന്റെ നേതൃത്വത്തിലുള്ള ഖുറൈശിപ്പട മദീനക്കു നേരെ പുറപ്പെട്ടതും ബദ്‌റിൽ വെച്ച് മുസ്‌ലിംകളുമായി ഏറ്റുമുട്ടിയതും.

ഖുറൈശികൾ മദീനക്കാരുടെ കാലികളെ കവർച്ച ചെയ്തതിനുള്ള തിരിച്ചടിയായിരുന്നു ഖുറൈശികളുടെ കച്ചവട സംഘത്തെ തടയാൻ മുസ്‌ലിംകൾ നടത്തിയ ശ്രമം. ഖുറൈശികളുടെ സമ്പത്ത് പിടിടിച്ചെടുക്കാൻ മുസ്‌ലിംകൾക്ക് വേറെയും ശക്തമായ ന്യായങ്ങളുണ്ടായിരുന്നു. ഖുറൈശികളുടെ സാമ്പത്തിക വളർച്ച മദീനക്കെതിരെയുള്ള അവരുടെ അക്രമാസക്തി വർധിപ്പിക്കുന്നുവെന്നതിനാൽ അത് തടയാൻ മുസ്‌ലിംകൾക്കുള്ള അവകാശം അനിഷേധ്യമാണ്. കൂടാതെ ഖുറൈശി വ്യാപാരികൾ കൊണ്ടുപോകുന്ന ധനം മുഹാജിറുകളുടേതു കൂടിയാണ്. മക്കയിൽനിന്ന് പലായനം ചെയ്തവർ സ്വത്തുക്കളെല്ലാം അവിടെ ഉപേക്ഷിക്കാൻ നിർബന്ധിതരായിരുന്നു. അതെല്ലാം ഖുറൈശികൾ കൈവശപ്പെടുത്തുകയും ചെയ്തു. മക്കയിലേക്കുള്ള ചരക്കുകൾ പിടിച്ചെടുക്കുന്നതിലൂടെ തങ്ങൾക്ക് നഷ്ടപ്പെട്ടതിലൊരു ഭാഗം വീണ്ടെടുക്കാമെന്ന് അവർ കരുതി. എന്നാൽ മുസ്‌ലിംകളുടെ യഥാർഥ യുദ്ധലക്ഷ്യം സമ്പത്തായിരുന്നില്ല. മക്കയിൽനിന്ന് മദീനക്കെതിരെയുള്ള ആക്രമണഭീഷണി ഇല്ലാതാക്കുകയും ആദർശവിശ്വാസങ്ങളുടെ പേരിലുള്ള പീഡനം അവസാനിപ്പിക്കുകയുമായിരുന്നു അവരുടെ ഉന്നം. ബദ്‌റ്‌യുദ്ധത്തിൽ ശത്രുക്കൾ ദയനീയമായി പരാജയപ്പെട്ടുവെങ്കിലും ഈ ലക്ഷ്യം പൂർണമായി നിറവേറുകയുണ്ടായില്ല. യുദ്ധപരാജയം ഖുറൈശികളെ മദീനയുമായി സന്ധിയാവാൻ പ്രേരിപ്പിച്ചില്ല. കൂടുതൽ ശക്തി സംഭരിച്ച് തിരിച്ചുവന്ന് ബദ്‌റിലെ പരാജയത്തിന് പ്രതികാരം ചെയ്യുമെന്ന് പ്രതിജ്ഞയെടുത്തുകൊണ്ടാണവർ രണാങ്കണം വിട്ടത്. അങ്ങനെ ബദ്ർ ഖുറൈശികളുമായുള്ള മുസ്‌ലിംകളുടെ നിരന്തര യുദ്ധത്തിന്റെ തുടക്കമാവുകയായിരുന്നു. തുടർന്ന് ഹുദൈബിയാ സന്ധിവരെയും, ആ സന്ധി ലംഘിക്കപ്പെട്ട ശേഷം മക്കാ വിമോചനം വരെയും മക്കയും മദീനയും തമ്മിൽ രൂക്ഷമായ യുദ്ധാവസ്ഥയാണ് നിലനിന്നിരുന്നത്. ഉഹുദ്, അഹ്സാബ് തുടങ്ങി പല വൻ യുദ്ധങ്ങളും അതിനിടക്ക് നടക്കുകയുമുണ്ടായി. ഈ സാഹചര്യം പരിഗണിക്കാതെ വായിച്ചാൽ *അൽ അൻഫാലി*ലെ ചില സൂക്തങ്ങളെ അവിശ്വാസികൾക്കെതിരെ ഏകപക്ഷീയമായി മുസ്‌ലിംകളോടുള്ള തുറന്ന യുദ്ധാഹ്വാനമായി തെറ്റിദ്ധരിച്ചേക്കും. പണ്ടും ഇക്കാലത്തും വളരെപ്പേർ അങ്ങനെ തെറ്റിദ്ധരിക്കുന്നുണ്ട്.

നവജാത മുസ്‌ലിം സമൂഹത്തിന് സായുധസമരത്തിന്റെ പ്രാരംഭാനുഭവമായി അരങ്ങേറിയ ബദ്ർ സംഭവത്തിന്റെ നിരൂപണവും ആ സംഭവത്തെത്തുടർന്നുളവായ പ്രശ്നങ്ങൾക്കുള്ള പരിഹാരവുമാണ് സൂറയുടെ പ്രമേയം. സൂറഃ കൈകാര്യം ചെയ്യുന്ന പ്രധാന വിഷയങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം: 1) യുദ്ധവേളയിൽ ശത്രുക്കളിൽനിന്ന് കൈവശപ്പെടുത്തുന്ന മുതലുകളുടെ ഉടമസ്ഥതയും വിതരണക്രമവും. 2) സായുധ സമരത്തിന്റെ നിയമങ്ങളും വ്യവസ്ഥകളും. 3) ഇസ്‌ലാം അനുവദിക്കുന്ന യുദ്ധത്തിന്റെ ലക്ഷ്യം. 4) സത്യത്തിന്റെ സാക്ഷാത്കാരവും മിഥ്യയുടെ തകർച്ചയും. 5) യുദ്ധവിജയത്തിന്റെ യഥാർഥ ഉറവിടം. 6) ബദ്‌റിൽ അല്ലാഹുവിന്റെ സഹായം. 7) തവക്കുലിന്റെ പ്രാധാന്യം. 8) അതിക്രമം നാശത്തിന്റെ മുന്നോടി. 9) മുസ്‌ലിംകളുടെ ഐക്യം. 10) മുഹാജിർ-അൻസ്വാർ സാഹോദര്യം. 11) മുതലും മക്കളും പരീക്ഷണമാകുന്നു. 12) യുദ്ധത്തടവുകാർ. 13) വാഗ്ദത്ത പാലനം. 14) അല്ലാഹുവിനോടും പ്രവാചകനോടുമുള്ള അനുസരണം. 15) മുഹമ്മദ് നബിക്കെതിരെ ഖുറൈശികൾ നടത്തിയ ഗൂഢാലോചന, അവരുടെ വീരവാദങ്ങൾക്കും വിമർശനങ്ങൾക്കുമുള്ള മറുപടി. ■